**പെരിങ്ങോട്ടുകുറിശ്ശിയിലെ മയിൽസങ്കേതം ഇക്കോ ടൂറിസം പദ്ധതിയിലുൾപ്പെടുത്തുന്നതിന് നടപടി**

**67 (4008)** ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ പെരിങ്ങോട്ടുകുറിശ്ശിയിലെ മയിൽസങ്കേതം ഇക്കോ ടൂറിസം പദ്ധതിയിലുൾപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ സ്ഥലത്തെ ചൂളന്നൂർ മയിൽസങ്കേതം ഒരു സാങ്ച്വറിയായി പ്രഖ്യാപിക്കുന്ന കാര്യം വനംവകുപ്പ് തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. ഇവിടെ ഒരു ഇൻഫർമേഷൻ സെന്റർ ഇപ്പോൾത്തന്നെ നിലവിലുണ്ട്. സന്ദർശകർക്ക് അറിവ് പകർന്നുകൊടുക്കുന്നതിനും കൂടുതൽ സൗകര്യം ലഭിക്കുന്നതിനുമുള്ള പദ്ധതികൾ അവിടെ ഏർപ്പെടുത്തുവാനാണ് ഉദ്ദേശിക്കുന്നത്.

**കോഴിക്കോട് ജില്ലയിൽ ഡി.ടി.പി.സി. നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ**

**68 (4009)** ശ്രീ. എ. സുജനപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽ ഡി.ടി.പി.സി.-യുടെ നേതൃത്വത്തിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിക്കൊണ്ടിരിക്കുന്നത് ;

(ബി) എന്തെങ്കിലും പുതിയ പ്രോജക്ടുകൾ ടൂറിസം വകുപ്പിന് സമർപ്പിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ ;

(സി) കഴിഞ്ഞ രണ്ട് വർഷങ്ങളിലായി ഡി.ടി.പി.സി.-ക്ക് വിവിധ പ്രോജക്ടുകൾ നടപ്പാക്കുന്നതിനുവേണ്ടി എത്ര രൂപ ധനസഹായമായി നൽകിയിട്ടുണ്ട് ?

ഉത്തരം

(എ) തുഷാരഗിരിയുടെ വികസനം, ഇരിങ്ങൽ, കുഞ്ഞാലി മരയ്ക്കാർ സ്മാരകവികസനം എന്നീ പദ്ധതികളാണ് ഇപ്പോൾ നടപ്പിലാക്കിവരുന്നത്. കൂടാതെ ടൂറിസം ബോധവത്ക്കരണ പരിപാടികളും ടൂറിസം ക്ലബ്ബുകളുടെ രൂപീകരണവും നടത്തുന്നുണ്ട്.

(ബി) ഇരിങ്ങൽ രണ്ടാംഘട്ട വികസനത്തിനായുള്ള നിർദ്ദേശം ഡി.ടി.പി.സി.-യിൽ നിന്നും ലഭിച്ചിട്ടുണ്ട്. ഡി.ടി.പി.സി.-കൾ ഏറ്റെടുത്ത് നടപ്പിലാക്കേണ്ട പദ്ധതികൾക്കായി വ്യവസ്ഥ ചെയ്തിട്ടുള്ള മാനദണ്ഡങ്ങൾക്ക് അനുസൃതമായി തീരുമാനം കൈക്കൊള്ളുന്നതാണ്.

(സി) 50, 56,500 രൂപ.

LIBRARY ARCHIVES Kerala Legislative Assembly